**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4840** | **11-08-2021 - ൽ മറുപടിയ്ക്ക്**

**ക്രിമിനൽ കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ വി ജോയി,<br>ശ്രീ. എ. രാജ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഹൈക്കോടതി ഉൾപ്പെടെയുള്ള കോടതികളിൽ ക്രിമിനൽ കേസുകൾ ഏറെക്കാലമായി തീർപ്പാക്കാതെ കിടക്കുന്നത് വേഗത്തിലാക്കാൻ സർക്കാരിന്റെ ഭാഗത്ത് നിന്നും എന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കുമോ; സി.ബി.ഐ. ഉൾപ്പെടെയുള്ള കേന്ദ്ര പ്രോസിക്യൂട്ടിംഗ് ഏജൻസികളുടെയും സംസ്ഥാന സർക്കാർ പ്രോസിക്യൂഷന്റെയും ഭാഗത്ത് നിന്നും ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ; | (എ) | കോടതിയുടെ പരിഗണനയിലുള്ള കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ നിർദ്ദേശിക്കുന്നതിന് സർക്കാരിന് നിയമപരമായ പരിമിതികളുണ്ട്. റിപ്പോർട്ടാകുന്ന കേസുകളിൽ അനാവശ്യ കാലതാമസം വരുത്താതെ കേസന്വേഷണം നടത്തി കുറ്റപത്രം കോടതി മുമ്പാകെ സമർപ്പിച്ച വരികയാണ്. വേഗത്തിൽ വിചാരണ നടപടി കൾ സ്വീകരിക്കുന്നതിനായി വിചാരണയിലുള്ള കേസുകളിൽ സാക്ഷികൾക്കോ പ്രതികൾക്കോ സമൻസോ കോടതിയിൽ നിന്നുള്ള മറ്റ് കൽപനകളോ ലഭിക്കുകയാണെങ്കിൽ ആയവ സമയ പരിധിക്കുള്ളിൽ തന്നെ നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന പ്രോസിക്യൂട്ടിംഗ് ഏജൻസികളുടെ ഭാഗത്തു നിന്നും അലംഭാവം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോടതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ സർക്കാർ അടിയന്തിര പ്രാധാന്യം നൽകി നടപ്പാക്കിവരുന്നു. |
| (ബി) | കേസുകൾ ദശാബ്ദങ്ങളായി തീർപ്പാക്കാതെ കിടക്കുന്നത് നീതിന്യായ ഭരണത്തെ ദുർബലപ്പെടുത്തുമെന്നതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഏതെങ്കിലും തരത്തിൽ ഇടപെടാൻ സാധിക്കുമോ; സംസ്ഥാന പ്രോസിക്യൂട്ടിംഗ് ഏജൻസികളുടെ ഭാഗത്ത് നിന്നും അലംഭാവം ഉണ്ടാകാതിരിക്കാൻ നിർദ്ദേശം നൽകുമോ; | (ബി) | കോടതിയുടെ പരിഗണനയിലുള്ള കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ നിർദ്ദേശിക്കുന്നതിന് സർക്കാരിന് നിയമപരമായ പരിമിതികളുണ്ട്. റിപ്പോർട്ടാകുന്ന കേസുകളിൽ അനാവശ്യ കാലതാമസം വരുത്താതെ കേസന്വേഷണം നടത്തി കുറ്റപത്രം കോടതി മുമ്പാകെ സമർപ്പിച്ച വരികയാണ്. വേഗത്തിൽ വിചാരണ നടപടി കൾ സ്വീകരിക്കുന്നതിനായി വിചാരണയിലുള്ള കേസുകളിൽ സാക്ഷികൾക്കോ പ്രതികൾക്കോ സമൻസോ കോടതിയിൽ നിന്നുള്ള മറ്റ് കൽപനകളോ ലഭിക്കുകയാണെങ്കിൽ ആയവ സമയ |

| | | | |
|---|---|---|---|
| | | | പരിധിക്കുള്ളിൽ തന്നെ നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന പ്രോസിക്യൂട്ടിംഗ് ഏജൻസികളുടെ ഭാഗത്തു നിന്നും അലംഭാവം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോടതികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ സർക്കാർ അടിയന്തിര പ്രാധാന്യം നൽകി നടപ്പാക്കിവരുന്നു. |
| (സി) | തലശ്ശേരി ഫസൽ വധ കേസിൽ ഒരു ദശാബ്ദമായിട്ടും വിചാരണ തുടങ്ങാത്ത സാഹചര്യത്തിൽ നിയമ സംവിധാനത്തിന് മേൽ ജനങ്ങളുടെ വിശ്വാസം ഉലയ്ക്കുംവിധം ആ കേസിൽ പ്രതിപ്പട്ടികയിലുള്ള പൊതുപ്രവർത്തകർ നാട്ടുകടത്തലിന് വിധേയരായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | തലശ്ശേരി ഫസൽ വധ കേസിലെ പ്രതി പട്ടികയിൽ ഉൾപ്പെട്ടവർ ജാമ്യ വ്യവസ്ഥ പ്രകാരം കണ്ണൂർ ജില്ലയിൽ പ്രവേശിക്കാൻ വരുന്ന മൂന്നു മാസത്തേയ്ക്ക് കൂടി വിലക്കുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ഡി) | കുറ്റകൃത്യത്തിൽ ഏർപ്പെട്ടവരുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കേസുകൾ പുനരന്വേഷിക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടോ; ഫസൽ വധം നടത്തിയത് തങ്ങളാണെന്ന ഒരു സംഘടനാ പ്രവർത്തകൻ വെളിപ്പെടുത്തിയത് സാമൂഹ്യമാധ്യമങ്ങളിലൂടെയും മാധ്യമങ്ങളിലൂടെയും പുറത്തുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസ് കാലവിളംബം കൂടാതെ പുനരന്വേഷണം നടത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി സാധ്യമാണോ; വ്യക്തമാക്കുമോ? | (ഡി) | കുറ്റകൃത്യത്തിൽ ഏർപ്പെട്ടവരുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പുനരന്വേഷിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലില്ല. ഫസൽ കൊല്ലപ്പെട്ട സംഭവത്തിന് തലശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 442/2006 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഊർജ്ജിത അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിനും പിന്നീട് സിബിഐക്കും കൈമാറിയിരുന്നു. കൊല്ലപ്പെട്ട ഫസലിന്റെ സഹോദരനായ ശ്രീ.അബ്ദുൾ സത്താർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ പരിഗണിച്ച് സിബിഐയുടെ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അക്കാര്യം കൂടി ഉൾപ്പെടുത്തി തുടരന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത കേസിന്റെ അന്വേഷണവും ഇപ്പോൾ സി.ബി.ഐ-യ്ക്കാണ്. |

സെക്ഷൻ ഓഫീസർ